"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ ജയരാജൻ പി എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ.ജിത്തു രാജ്. പി ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം.128/2025/LSGD തീയതി,തിരുവനന്തപുരം, 03-08-2025

---

പരാമർശം:-

1. സ.ഉ (പി) നം. 12/99/പി & എ ആർ ഡി തീയതി 24.05.1999.
2. 21.02.2018 — ലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ.
3. 28.04.2018-ലെ സ.ഉ.(പി)നം.7/2018/ഉ.ഭ.പ.വ
4. ശ്രീ.ജിത്തു രാജ്. പി -യുടെ 29.05.2023 ലെ അപേക്ഷ
5. 14.07.2023-ലെ സ.ഉ(പി)നം.12/2023/ഉ.ഭ.പ.വ.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.07.2024 തീയതിയിലെ LSGD/PD/66570/2023-DEF1 നമ്പർ കത്ത്.
7. മലപ്പുറം ജില്ലാ കളക്ടറുടെ 16.01.2025 ലെ DCMPM/12712/2024-A2 നം കത്ത്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കെ 21.05.2023 ൽ മരണമടഞ്ഞ ജയരാജൻ പി എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ.ജിത്തു രാജ്. പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധരേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (4)-ലെ അപേക്ഷ, ടിയാന് ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനായി ശിപാർശ ചെയ്ത് പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത ശിപാർശയിന്മേൽ പരാമർശം (7) പ്രകാരം മലപ്പുറം ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. ജയരാജൻ പി ( late )-ക്ക് 15 വർഷം 9 മാസം 21 ദിവസത്തെ സേവനകാലമുണ്ടായിരുന്നെന്നും, ടിയാന്റെ മകനും അപേക്ഷകനുമായ ശ്രീ.ജിത്തു രാജ്. പി ക്ക് 37 വയസ്സുണ്ടെന്നും (ജനനതീയതി 31.05.1987), ടിയാൾ VHSE യോഗ്യതയുണ്ടെന്നും ടിയാന്റെ കുടുംബ വാർഷിക വരുമാനം 85,000/- രൂപയാണെന്നും, അപേക്ഷകനല്ലാതെ മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതരാരും തന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമാണെന്ന് കാണിച്ച് അന്തരിച്ച ജീവനക്കാരന്റെ മറ്റ് അവകാശികൾ സമ്മതപത്രം സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ പരാമർശം (1) ലെ നിബന്ധനകൾ പ്രകാരം അപേക്ഷകന്

ജോലി ലഭിക്കുന്നതിന് അർഹതയുണ്ടെന്നും അതിനാൽ അപേക്ഷകന് ജോലി ലഭിക്കുന്നതിനായി അപേക്ഷ ശിപർശം ചെയ്ത് ജില്ലാ കളക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടേയും, മലപ്പുറം ജില്ലാ കളക്ടറുടേയും ശുപാർശകൾ പരിഗണിച്ച്, മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട്ട് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ 21.05.2023 ൽ മരണമടഞ്ഞ ജയരാജൻ പി യുടെ മകനും ആശ്രിതനുമായ ശ്രീ.ജിത്തു രാജ്. പി (നടുത്തൊടി ഹൗസ്, പത്തപ്പിരിയം പി.ഒ, മഞ്ചേരി, മലപ്പുറം - 676123) -ക്ക് ആശ്രിത നിയമന പദ്ധതി വ്യവസ്ഥ ചെയ്യുന്ന നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ പൊതു വ്യവസ്ഥകൾക്കും ചുവടെപ്പറയുന്ന പ്രത്യേക വ്യവസ്ഥകൾക്കും വിധേയമായി തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിലെ ഒഴിവിൽ അപേക്ഷക നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള മലപ്പുറം ജില്ലയിൽ തന്നെ കഴിവതും നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ക്ലറിക്കൽ തസ്തികയിലെ മേൽ നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.

2. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതാണ്.

3. സാധുവായ അപേക്ഷാതീയതിയെ അടിസ്ഥാനമാക്കി അപേക്ഷകയുടെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.

4. ടിയാളുടെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട്, പൂർവ്വകാല ചരിത്രം. ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5. മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6. ആശ്രിതരെ സംരക്ഷിക്കുന്ന സംരക്ഷണമൊഴി പാലിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.

7.പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള പരാമർശം (5) പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

8. അപേക്ഷക സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമനം സർക്കാർ റദ്ദ ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

ശ്രീ.ജിത്തു രാജ്. പി ( നടുത്തൊടി ഹൗസ്, പത്തപ്പിരിയം പി.ഒ, എടവണ്ണ, മലപ്പുറം-676123)

(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം( എല്ലാ രേഖകളും ഉൾപ്പെടെ)

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, മലപ്പുറം (പ്രിൻസിപ്പൽ

ഡയറക്ടർ മുഖാന്തിരം)

ജില്ലാ കളക്ടർ, മലപ്പുറം

സെക്രട്ടറി, തൃക്കലങ്ങോട്ട ഗ്രാമപഞ്ചായത്ത്, മലപ്പുറം

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. EPA3/404/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

സെക്ഷൻ ഓഫീസർ

Date: 04-08-2025 12:10:51